# روضة الخطباء

## റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

روضة الخطباء
sufaraulislam.com

### അറിവു നേടുക

18/02/2022

- പരിശുദ്ധ ഇസ്ലാം അറിവിനും അറിവുള്ളവർക്ക് വലിയ സ്ഥാനമാണ് നൽകുന്നത്.
- ആദ്യം അവതീർണമായ ഖുർആൻ വചനങ്ങൾ അറിവുമായി ബന്ധപ്പെട്ടതാണ്.

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ ﴿١﴾ خَلَقَ الْإِنسَانَ مِنْ عَلَقٍ ﴿٢﴾ اقْرَأْ وَرَبُّكَ الْأَكْرَمُ ﴿٣﴾ الَّذِي عَلَّمَ بِالْقَلَمِ ﴿٤﴾ عَلَّمَ الْإِنسَانَ مَا لَمْ يَعْلَمْ ﴿٥﴾

❖ **അറിവുമായി ബന്ധപെട്ട നാല് കാര്യങ്ങൾ ഈ ആയത്തുകളിലൂടെ പറയുന്നുണ്ട്.**

| | | | |
|---|---|---|---|
| വായിക്കൽ | പേന | പഠിപ്പിച്ചവൻ | അറിയാത്തത് |

❖ **അറിവ് നേടാൻ നമ്മുടെ മതം നമ്മെ പഠിപ്പിക്കുന്നു.**

| | | |
|---|---|---|
| أفلا يتدبرون القرآن | لَعَلَّهُمْ يَتَذَكَّرُونَ | أَفَلَا تَعْقِلُونَ |

- അറിവ് നമ്മെ പല സ്ഥാനങ്ങളിലേക്കും എത്തിക്കും.
- ഭൗതികമായ അറിവുകൾ ദുനിയാവിൽ നല്ല ജോലിയും ഉയർന്ന സാലറിയുമെല്ലാം നമുക്ക് നേടിത്തരും.
- മതപരമായ അറിവുകളും ഇരു ലോകത്തും മനുഷ്യന് ഉപകാരപ്പെടും.
- **ഇമാം ഇബ്നുൽ ജൗസി (رحمه الله) പറയുന്നു:**

لقد غفل طلاب الدنيا عن اللذة فيها ، واللذة فيها شرف العلم

ദുനിയാവിനെ തേടി നടക്കുന്നവർ ദുനിയാവിലെ ഏറ്റവും വലിയ ആസ്വാദനത്തെക്കുറിച്ച് അശ്രദ്ധരാണ്. ആ ആസ്വാദനമാകട്ടെ മഹത്വകരമായ അറിവാകുന്നു.

## അറിവിന്റെ മഹത്വം.

**1. മതപരമായ അറിവ് കൊണ്ട് അല്ലാഹു ചിലരെ ഉയർത്തും മറ്റു ചിലരെ താഴ്ത്തും**

- **ഉമർ (റ) വിന്റെ കാലത്തെ ഒരു സംഭവം.**
- ആമിറുബ്നു വാസില ഉമർ (റ) മക്കയുടെ ചുമതല കൊടുത്ത വ്യക്തി, അദ്ദേഹത്തെ ഉസ്ഫാൻ എന്ന പ്രദേശത്തു വെച്ച് ഉമർ (റ) കാണുന്നു.

وعَن عامِرِ بنِ واثِلَةَ :أنَّ نافِعَ بنَ عَبدِ الحارِثِ لَقِيَ عُمَرَ بِعُسفانَ، وكانَ عُمَرُ يَستَعمِلُهُ عَلى مَكَّةَ، فَقالَ: مَن استَعمَلتَ عَلى هذا الوادِي؟ قالَ: ابنُ أَبزى. قالَ: ومَن ابنُ أَبزى؟ قالَ: مَولى مِن مَوالِينا. قالَ: فاستَخلفتَ

عَلَيهِم مَولى؟ ! قالَ :إنَّهُ قارِئٌ لِكِتابِ اللهِ، وإنَّهُ عالِمٌ بِالفَرائِضِ. قالَ عُمَرُ: أما إن نَبِيَّكُم - ﷺ - قَد قالَ :
إنَّ الله يَرفَعُ بِهَذا الكِتابِ أقوامًا، ويَضَعُ بِهِ آخَرينَ.

ആർക്കാണ് ഭരണ ചുമതല നൽകിയത് എന്ന് ഉമർ (റ) അന്വേഷിച്ചു. ഞാൻ എന്റെ സഹായിയെ ഏൽപ്പിച്ചു എന്ന് അദ്ദേഹം പറഞ്ഞു. ഉമർ (റ) വിന് ദേഷ്യം വന്നു. അപ്പോൾ അദ്ദേഹത്തോട് പറഞ്ഞു. ഞാൻ ഏൽപ്പിച്ച വ്യക്തി ക്വുർആൻ നന്നായി ഓതാൻ അറിയുന്നവനും അനന്തരാവാകശ നിയമങ്ങൾ അറിയുന്നവനുമാണ്. ഉമർ (റ) പറഞ്ഞു; നബി (ﷺ) പറഞ്ഞത് എത്ര സത്യം. അല്ലാഹു ചില ആളുകളെ ക്വുർആൻ കൊണ്ട് ഉയർത്തുകയും മറ്റു ചിലരെ താഴ്ത്തുകയും ചെയ്യും.

### 2. അറിവുള്ളവരും അറിവില്ലാത്തവരും സമമാവുകയില്ല.

قُلْ هَلْ يَسْتَوِي الَّذِينَ يَعْلَمُونَ وَالَّذِينَ لَا يَعْلَمُونَ ۗ إِنَّمَا يَتَذَكَّرُ أُولُو الْأَلْبَابِ ( الزمر/٩)

### 3. അറിവ് അന്വേഷിക്കുന്നവർ സ്വർഗത്തിന്റെ വഴിയിലാണ്.

وعن أبي هريرة: أنّ رسول الله ﷺ - قالَ :ومَن سَلَكَ طَرِيقًا يَلْتَمِسُ فِيهِ عِلْمًا، سَهَّلَ اللَّهُ لَهُ طَرِيقًا إلى الجَنَّةِ». رواه مسلم.

### 4. അറിവുള്ളവരാണ് അല്ലാഹുവിനെ ഭയപ്പെടുക

إِنَّمَا يَخْشَى اللهَ مِنْ عِبَادِهِ العُلَمَاءُ إِنَّ اللهَ عَزِيزٌ غَفُورٌ [فاطر: ٢٨)

- ✓ അറിവുള്ളവർ മാത്രമേ അവനെ ഭയപ്പെടുകയൊള്ളൂ
- ✓ ശിക്ഷയെക്കുറിച്ച് പേടിയും അല്ലാഹുവിന്റെ കാരുണ്യത്തിൽ പ്രതീക്ഷയുണ്ടാവും.

### 5. അല്ലാഹു ഒരാൾക്ക് നന്മ ഉദ്ദേശിച്ചാൽ അറിവ് നൽകും.

مُعَاوِيَةَ بْنَ أَبِي سُفْيَانَ يَخْطُبُ قَالَ: سَمِعْتُ النَّبِيَّ صَلَّى اللهُ عَلَيْهِ وَسَلَّمَ يَقُولُ: مَنْ يُرِدِ اللَّهُ بِهِ خَيْرًا يُفَقِّهْهُ فِي الدِّينِ (رواه البخاري ومسلم)

മുആവിയയിൽ (റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ആർക്കാണോ അല്ലാഹു നൻമ ചെയ്യാൻ ഉദ്ദേശിക്കുന്നത് അയാൾക്ക് അവൻ മതപരമായ വിജ്ഞാനം നൽകുന്നതാണ്. (ബുഖാരി)

### 6. അറിവ് നേടൽ ബാധ്യതയാണ്.

فَاعْلَمْ أَنَّهُ لَا إِلَهَ إِلَّا اللَّهُ (١٩)

عَنْ عَبْدِ اللَّهِ بن مَسْعُودٍ، قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ:طَلَبَ الْعِلْمِ فَرِيضَةٌ عَلَى كُلِّ مُسْلِمٍ.

**മുആദ് ബ്നു ജബൽ (റ) പറയുന്നു.**

عن معاذِ بنِ جَبلٍ، قال: قال رسول الله ﷺ: «تَعَلَّمُوا العِلْمَ فَإنَّ تَعْلِيمَهُ لِلَّهِ خَشْيَةٌ، وطَلَبَهُ عِبادَةٌ، ومُذاكَرَتَهُ تَسْبِيحٌ، والبَحْثَ عَنْهُ جِهادٌ، وتَعْلِيمَهُ لِمَن لاَ يَعْلَمُهُ صَدَقَةٌ، وبَذْلَهُ لأَهْلِهِ قُرْبَةٌ لأَنَّهُ مَعالِمُ الحَلاَلِ والحَرامِ، ومَنارُ سُبُلِ أهْلِ الجَنَّةِ، وهو الأنيسُ فِي الوَحْشَةِ، والسِّلاَحُ عَلى الأعْداءِ، والزَّيْنُ عِنْدَ الأخِلاَّءِ،

അറിവ് വിനിയോഗിക്കൽ അല്ലാഹുവിന്റെ സാമിപ്യം ലഭിക്കാൻ വേണ്ടി ചെയ്യുന്ന കാര്യമാണ്. ഹലാലും ഹറാമും തിരിച്ചറിയാനുള്ള അടയാളങ്ങളാണ്. സ്വർഗക്കാരുടെ വഴിയടയാളങ്ങളാണ്, ഏകന്തതയിൽ കൂട്ടുകാരനാണ്. ശത്രുക്കൾക്കെതിരിലുള്ള ആയുധമാണ്. കൂട്ടുകാരുടെ അടുക്കൽ അലങ്കാരമാണ്.

### 7. അറിവ് നേടിയില്ലെങ്കിൽ സംഭവിക്കുക

قَالَ الإِمَامُ مَالِكُ بْنُ أَنَسٍ: «إِنَّ أَقْوَاماً ابْتَغَوُا العِبَادَةَ وَأَضَاعُوا العِلْمَ، فَخَرَجُوا عَلَى أُمَّةِ مُحَمَّدٍ -ﷺ- بِأَسْيَافِهِمْ، وَلَوِ ابْتَغَوُا العِلْمَ لَحَجَزَهُمْ عَنْ ذَلِكَ»

ഇമാം മാലിക് ബ്നു അനസ് (റഹി) പറഞ്ഞു: ചിലർ മതവിജ്ഞാനം അന്വേഷിക്കുന്നത് ഉപേക്ഷിച്ചു കൊണ്ട് ഇബാദതുകൾ ചെയ്യാൻ ശ്രമിച്ചു. പിൽക്കാലത്ത് മുഹമ്മദ് നബി-ﷺ-യുടെ ഉമ്മത്തിനെതിരെ വാളുമായി അവർ ഇറങ്ങിത്തിരിച്ചു; അവർ അറിവ് നേടിയിരുന്നെങ്കിൽ അതിൽ നിന്ന് വിജ്ഞാനം അവരെ തടയുമായിരുന്നു.

## അറിവ് നേടാൻ നാം ചെയ്യേണ്ടത്...

### 1. ആത്മാർത്ഥമായ പ്രാർത്ഥന

ഒരു വിശ്വാസിയുടെ ജീവിതത്തിലെ ഏറ്റവും വലിയ ആയുധമാണ് പ്രാർത്ഥന.

وَقُل رَّبِّ زِدْنِي عِلْمًا

وقال تعالى لنبيِّه ﴿فَلا تَكُونَنَّ مِنَ الجاهِلِينَ﴾ الأنعام ٣٥

وقال كليمُه موسى: ﴿أَعُوذُ بِاللَّهِ أَنْ أَكُونَ مِنَ الجاهِلِينَ﴾ البقرة ٦٧.

وقال لأول رسله نوح :﴿إِنِّي أَعِظُكَ أَنْ تَكُونَ مِنَ الجاهِلِينَ﴾ هود ٤٦.

പ്രാർഥിക്കുന്നതിനോടൊപ്പം, ഏറ്റവും ശരിയായ ഉറവിടത്തിൽ നിന്നാണ് താൻ അറിവ് സ്വീകരിക്കുന്നത് എന്ന് ഓരോ വിദ്യാർഥിയും ഉറപ്പ് വരുത്തുകയും അതിനായി സദാ അല്ലാഹുവോട് പ്രാർഥിക്കുകയും വേണം.

- **ഇബ്നു സീരീൻ (റ) പറഞ്ഞു :**

عَنْ مُحَمَّدِ بْنِ سِيرِينَ، قَالَ إِنَّ هَذَا الْعِلْمَ دِينٌ فَانْظُرُوا عَمَّنْ تَأْخُذُونَ دِينَكُمْ .

നിങ്ങൾ നേടുന്ന ഈ അറിവ് അത് നിങ്ങളുടെ മതമാണ്. ആയതിനാൽ തന്നെ ആരിൽ നിന്നാണ് അത് സ്വീകരിക്കുന്നതെന്ന് സൂക്ഷ്മമായി പരിശോധിച്ചുകൊള്ളുക .(സ്വഹീഹ് മുസ്ലിമിന്റെ ആമുഖത്തിൽ നിന്ന്)

**ഇമാം മാലിക് (റഹി) പറഞ്ഞു :**

قال الامام مالك رحمه الله: إنَّ هَذا العِلْمَ هُوَ لَحْمُكَ ودَمُكَ، وعَنْهُ تُسْأَلُ يَوْمَ القِيامَةِ، فانْظُرْ عَنْ مَن تَأْخُذُهُ

തീർച്ചയായും ഈ (മത) വിജ്ഞാനം നിന്റെ മാംസവും രക്തവുമാണ്, നീ അതിനെപ്പറ്റി പരലോകത്ത് ചോദിക്കപ്പെടുക തന്നെ ചെയ്യും, അതിനാൽ നീ ഈ വിജ്ഞാനത്തെ ആരിൽ നിന്നാണ് സ്വീകരിക്കുന്നത് എന്ന് നോക്കിക്കൊള്ളുക.

**2. അറിവ് അന്വേഷിക്കണം. അതു പോലെ പരിശ്രമവും വേണം.**

സലഫുകൾ പറഞ്ഞു:

ألعلم يوتى ولا يأتي

അറിവ് നേടിയെടുക്കേണ്ടതാണ് (അന്വേഷിക്കണം) വന്നു ചേരുന്നതല്ല.

- العقيدة الواسطية
- واسط എന്ന സ്ഥലത്ത് നിന്ന് القاضي رضي الدين എന്ന പണ്ഡിതൻ ഇബ്നു തൈമിയയെ കാണാൻ വന്നു. എന്നിട്ടദ്ദേഹം പറഞ്ഞു
- തർത്താരികളുടെ ആക്രമണം കാരണം ബിദ്അത്ത് വളരുകയാണ്.
- അഖീദയിൽ ഒരു പുസ്തകം വേണം.

فكتبتُ له أصول اعتقاد الفرقة الناجية في ورقات مِن بعد العصر إلى قبل المغرب

- **ശൈഖ് അൽബാനി (റഹി) യുടെ ഗ്രന്ഥങ്ങൾ**
- **ഇമാം നവവി (റ) എത്ര ഗ്രന്ഥങ്ങൾ..**
- നമുക്കെന്ത് ചെയ്യാൻ സാധിക്കും?
- **അമാനി മൌലവിയുടെ പരിഭാഷ**

**3. നേടിയ അറിവുകൾ മറ്റുള്ളവർക്ക് പകർന്നു കൊടുക്കണം.**

- ഏറ്റവും പ്രധാനം കുടുംബത്തിന് പകർന്നു കൊടുക്കലാണ്.
- ഇന്നത്തെ അവസ്ഥ.. ഭൌതീക വിദ്യാഭ്യാസത്തിന് മാത്രം പ്രാധാന്യം കൊടുക്കുന്നു.
- ഡോക്ടർ/ എഞ്ചിനിയർ/ ഐ. ടി.

- പഠിക്കാൻ ചേർത്ത സ്ഥാപനത്തിൽ നല്ല ഭക്ഷണം, ഉറങ്ങാനുള്ള സൌകര്യം, കളിക്കാനുള്ള സ്ഥലം എല്ലാം അന്വേഷിച്ചു.
- എന്നാൽ നമസ്കരിക്കാൻ പള്ളിയുണ്ടോ, സുബ്ഹിക്ക് എഴുന്നേൽക്കാൻ സാധിക്കുന്ന സ്ഥലമാണോ, ജുമുഅത്ത് പോകാൻ പറ്റുമോ?
- മതത്തിൽ നിന്നും ഏറ്റവും കൂടുതൽ അകലുന്നത് മുസ്ലിം യുവാക്കളാണ് എന്ന് പഠനം.
- എന്തു കൊണ്ട് സംഭവിക്കുന്നു. മതനിരാസം വ്യാപകമാവുകയാണ്.
- നമ്മുടെ കുട്ടികളെ പലരും വഴി തെറ്റിക്കുന്നുണ്ട്.

**4. ധർമ്മവും അധർമ്മവും പഠിപ്പിക്കണം.**

- അത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കില്ല.
- വിശക്കുന്നവന് ഭക്ഷണം, ദാഹിക്കുന്നവന് വെള്ളം, മുതിർന്നവർക്ക് സീറ്റ് ഒഴിഞ്ഞു കൊടുക്കണം.

قُوا أَنْفُسَكُمْ وأَهْلِيكُمْ نارًا وقُودُها النّاسُ والحِجارَةُ (التحريم ٦)

عَنْ عَلِيٍّ، قالَ :عَلِّمُوهُمْ وأَدِّبُوهُمْ

- നമ്മുടെ മക്കളുടെ സ്വർഗ പ്രവേശനത്തിന് വേണ്ടി, നരക മോചനത്തിന് വേണ്ടി എന്തു ചെയ്തു?
- ഒരു പിതാവ് സ്മാർട്ട് ഫോൺ മകന് സമ്മാനിച്ചപ്പോൾ പറഞ്ഞത്. ക്വുർആൻ പാരായണം ചെയ്യാനുള്ള ഒരു ആപ്പ് ഇൻസ്റ്റാൾ ചെയ്തിട്ടിട്ടുണ്ട്. അതിൽ നോക്കി മോൻ എന്നും ക്വുർആൻ പാരായണം ചെയ്യണം.
- നാളെ പരലോകത്തു വെച്ച് കുട്ടികൾ ചോദിക്കും. എന്തു കൊണ്ട് പറഞ്ഞു തന്നില്ല എന്ന്.
- **മരണ ശേഷം ബാക്കിയാവുന്നത്.**

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللهِ ﷺ، قالَ: «إذا ماتَ الإنْسانُ انْقَطَعَ عَنْهُ عَمَلُهُ إلّا مِن ثَلاثَةٍ: إلّا مِن صَدَقَةٍ جارِيَةٍ، أَوْ عِلْمٍ يُنْتَفَعُ بِهِ، أَوْ ولَدٍ صالِحٍ يَدْعُو لَهُ

- **ഇബ്രാഹിം നബി (അ) നടത്തിയ പ്രാർത്ഥന**

رَبِّ اجْعَلْنِي مُقِيمَ الصَّلاةِ ومِن ذُرِّيَّتِي رَبَّنا وتَقَبَّلْ دُعاءِ

- **അല്ലാഹു സ്വീകരിക്കുന്ന ദുആ**

عَن أبي هُرَيْرَةَ عَنِ النَّبِيِّ ﷺ أَنَّهُ قال :ثَلَاثُ دَعَواتٍ مُسْتَجاباتٌ لاَ شَكَّ فِيهِنّ: دَعْوَةُ المَظْلُوم، ودَعْوَةُ المُسافِرِ، ودَعْوَةُ الوالِدِ عَلى ولَدِه

- **അല്ലാമാ സ്വാലിഹുൽ ഫൗസാൻ (حفظه الله) പറഞ്ഞു:**

قال العلامة صالح الفوزان حفظه الله :فلا يجوز للإنسان أن يتساهل في حضور مجالس العلم، والسعي إليها، لأنه قد يستفيد فائدة تكون سببًا لدخوله الجنة

അറിവിന്റെ സദസ്സുകളിൽ ഹാജരാകുന്നതിനും, അവിടേക്ക് എത്താൻ പരിശ്രമിക്കുന്നതിലും മനുഷ്യൻ അലസത കാണിക്കാൻ പാടില്ല. കാരണം അവൻ ആ സദസ്സിൽ നിന്ന് നേടിയെടുക്കുന്ന ഏതെങ്കിലും ഒരറിവായിരിക്കും സ്വർഗ പ്രവേശനത്തിന് നിമിത്തമാകുന്നത്(അൽ മുൻ തഖാമിൻ ഫതാവാ ശൈഖ് സ്വാലിഹ് അൽ ഫൗസാൻ)

قال الشافعي رحمه الله :من لا يحب العلم لا خير فيه

ഇമാം ശാഫിഈ (റഹി) പറഞ്ഞു: ആര് മത വിജ്ഞാനത്തെ ഇഷ്ടപ്പെടുന്നില്ലയോ അവനിൽ ഒരു നന്മയുമില്ല.

---

- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്തുബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്തുബകളും ലഭിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.
https://sufaraulislam.com/index